PERALASSERI

BUDGET FOR THE YEAR 2025-26

# പെരളശ്ശേരി

## ബജറ്റ് 2025-26

ധനകാര്യ സ്ഥിരം സമിതിയുടെ 28/02/2025 തീയതിയിലെ 26/2025 - നമ്പർ തീരുമാന
പ്രകാരവുംഭരണസമിതിയുടെ 12/03/2025 തീയതിയിലെ 31/2025 - നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചത്

*Prepared in Easy Budget Solution 11.0 Designed by Rameshan TV, AITE*

# ബജറ്റ് പ്രസംഗം

‘നിങ്ങൾക്ക് പറക്കാൻ കഴിയില്ലെങ്കിൽ ഓടുക,
ഓടാൻ കഴിയില്ലെങ്കിൽ നടക്കുക,
നടക്കാൻ കഴിയില്ലെങ്കിൽ ഇഴയുക,
പക്ഷെ ചെയ്യുന്നത് എന്ത് തന്നെയായാലും
മുൻപോട്ട് തന്നെ നീങ്ങുക’

അമേരിക്കയിൽ കറുത്ത വർഗ്ഗക്കാർക്ക് പൌരാവകാശങ്ങൾ നേടിയെടുക്കാൻ പ്രയത്നിച്ച മാർട്ടിൻ ലൂതർ കിംഗ് ജൂനിയറിൻറെ പ്രസിദ്ധമായ ഉദ്ധരണിയിലൂടെ പെരളശ്ശേരിയുടെ വികസന മുന്നേറ്റത്തിനു തുടർച്ചയാവുന്ന 2025-26 സാമ്പത്തിക വർഷത്തെ വാർഷിക ബജറ്റ് നടപടികൾക്ക് തുടക്കം കുറിക്കാം.

നടപ്പ് സാമ്പത്തിക വർഷത്തിൽ എല്ലാ മേഖലയിലും മികച്ച മുന്നറ്റം നടത്താൻ പെരളശ്ശേരി ഗ്രാമപഞ്ചായത്തിനു സാധിച്ചിട്ടുണ്ട്. കുറഞ്ഞ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മികച്ച പദ്ധതികൾ തയ്യാറാക്കുന്നതിലും, സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്ന ബജറ്റു തയ്യാറാക്കുന്നതിലുമാണ് ഒരു ഗ്രാമപഞ്ചായത്തിന്റെ പുരോഗതിയും വികസനവും നിലകൊള്ളുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിൻറെ ഭാഗമായി മികച്ച പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് സംസ്ഥാനത്തെ ആദ്യത്തെ മാലിന്യ മുക്ത ഗ്രാമപഞ്ചായത്തായി പെരളശ്ശേരിയെ പ്രഖ്യാപിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പ്രസ്തുത ചടങ്ങിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി തന്നെ നേരിട്ട് വന്നു പ്രഖ്യാപനം നടത്തിയത് നമ്മുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്. ഇതോടൊപ്പം നമ്മുടെ ഗ്രാമ പഞ്ചായത്തിലെ ചെറു ടൌണുകളെ ബഹു.കേരള മുഖ്യമന്ത്രിയുടെ മണ്ഡല വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സൌന്ദര്യവൽക്കരണം നടത്താനും അത് ഹരിതാഭമാക്കി സംരക്ഷിച്ച സംസ്ഥാനത്തിന് തന്നെ മാതൃകയാകുവാനും നമുക്ക് സാധിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ മറ്റൊരു അഭിമാന പദ്ധതിയായ അതിദാരിദ്ര മുക്ത ഗ്രാമപഞ്ചായത്തായി പെരളശ്ശേരിയെ പ്രഖ്യാപിക്കാനും സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനും ഈ കാലയളവിൽ നമുക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ ഹാപ്പിനസ് ഫെസ്റ്റ് എന്ന പേരിൽ അങ്കണവാടി,

വയോജന, ഭിന്നശേഷി, വനിത കലോത്സവം എന്നിവ നടത്തി കലാ സാംസ്കാരിക രംഗത്ത് ഒരു പുതിയ തുടക്കം കുറിക്കാനും സാധിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ടൂറിസം മേഖലയിൽ ഒരു കുതിച്ച് ചാട്ടം തന്നെയാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്. ചെറുമാവിലായി റിവർവ്യൂ പാർക്ക്, എ കെ ജി മ്യൂസിയം, പെരളശ്ശേരി അമ്പലം, മക്രേരി അമ്പലം എന്നിവ കേന്ദ്രീകരിച്ചുള്ള പെരളശ്ശേരി ഹെറിറ്റേജ് ടൂറിസം, മലനാട് റിവർ ക്രൂയിസം തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. കൂടാതെ പെരളശ്ശേരിയെ പിണറായി ഗ്രാമപഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന കോട്ടം ചേരിക്കൽ പാലത്തിൻറെയും, പെരളശ്ശേരിയെ വേങ്ങാട് ഗ്രാമപഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന കീഴത്തൂർ പാലം എന്നിവയുടെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയായി വരുന്നുണ്ട്. ഈ പാലങ്ങൾ പൂർത്തിയാവുന്നതോടെ പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാവുന്നതാണ്.

ഗ്രാമപഞ്ചായത്ത് ഓഫീസിനു പുറമേ ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെയും അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിച്ച് ജനസൌഹൃദമാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പൊതുവാച്ചേരിയിൽ നിർമ്മാണം ആരംഭിച്ച FHC യുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നു കൊണ്ടിരിക്കുന്നുണ്ട്. മൂന്നുപെരിയ, മക്രേരി എന്നിവിടങ്ങളിൽ ഹെൽത്ത് സബ് സെൻററുകളുടെയും നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. നിലവിൽ ഗ്രാമപഞ്ചായത്ത് ഓഫീസ് മാത്രമേ ISO നിലവാരത്തിലേക്ക് ഉയർന്നിട്ടുള്ളൂ. തുടർന്നുള്ള വർഷങ്ങളിൽ ഘടക സ്ഥാപനങ്ങളെയും ISO നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി ഈ ബജറ്റിൽ പ്രതീക്ഷിക്കാവുന്നതാണ്.

ബജറ്റ് ഒരു കണക്കിലെ കളിയാണ് വരുമാനത്തിനു ആനുപാതികമായി ചെലവ് നിയന്ത്രിച്ച് ഭാവിയിലേക്ക് കരുതി വെച്ച് വികസനക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനു നല്ലൊരു ആസൂത്രണം ആവശ്യമാണ്. നഗരവത്കരണം അതിവേഗം നടന്നു കൊണ്ടിരിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിലും റോഡ് ഉൾപ്പെടെയുള്ള പശ്ചാത്തല മേഖലക്കായി നല്ലൊരു തുക മാറ്റി വെക്കേണ്ടതുണ്ട്. ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അന്ത്യമില്ല. ആവശ്യങ്ങൾ വന്നു കൊണ്ടെയിരിക്കും. ആവശ്യങ്ങളിൽ മുൻഗണന അനുസരിച്ച് പദ്ധതികൾ സമയബന്ധിതമായി തയ്യാറാക്കി നിർവ്വഹണം പൂർത്തിയാക്കേണ്ടത് അത്യാവശ്യമാണ്. പുതിയ ആവശ്യങ്ങളും, ആശയങ്ങളും ഉണ്ടായാലേ വ്യത്യസ്തമായ നൂതന പദ്ധതികളും കാര്യക്ഷമമായ ബജറ്റും ഉണ്ടാവുകയുള്ളൂ.

നിശ്ചയദാർഢ്യത്തോടെ കൂട്ടായ്മയോടു കൂടി നമുക്ക് ഒരുമിച്ച് നീങ്ങിയാൽ നമുക്ക് ഏത് ലക്ഷ്യവും നേടാൻ സാധിക്കും. കഴിഞ്ഞ 4 വർഷം കൊണ്ട് സംസ്ഥാനത്തും ജില്ലയിലും ഗ്രാമപഞ്ചായത്തുകളുടെ വിവിധ വിലയിരുത്തൽ സൂചികയിൽ മുൻപന്തിയിലുള്ള ഒരു സ്ഥാപനമാക്കി പെരളശ്ശേരി ഗ്രാമപഞ്ചായത്തിനെ മാറ്റാൻ നമുക്ക് സാധിച്ചിട്ടുണ്ട് എന്നത് ഈ ഭരണസമിതിയെ സംബന്ധിച്ച് അഭിമാനമുളവാക്കുന്നതാണ്. നാളിതുവരെ നാടിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച് ഗ്രാമപഞ്ചായത്തിന്റെ മുന്നേറ്റം സാധ്യമാക്കിയ എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും, ആസൂത്രണ സമിതി അംഗങ്ങൾക്കും പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. ബജറ്റ് നിങ്ങളുടെ മുന്നിൽ അംഗീകാരത്തിനായി വിനയപൂർവ്വം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**ഷീബ എ വി**

പ്രസിഡൻറ്

പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

# ബജറ്റ് കുറിപ്പ്

ബജറ്റ് അവതരണത്തിനു ആമുഖ പ്രസംഗം നടത്തിയ ഗ്രാമപഞ്ചായത്തിന്റെ ആരാധ്യയായ പ്രസിഡണ്ട് ശ്രീമതി ഷീബ എ വി, വിവിധ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ / ചെയർപേഴ്സൺമാർ, പഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണ സമിതി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഘടക സ്ഥാപന മേധാവികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, മാധ്യമ പ്രവർത്തകർ തുടങ്ങി ഏവരെയും 2025–26 വാർഷിക ബജറ്റ് അവതരണത്തിനുള്ള യോഗത്തിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

‘ഒരു താരകയെ കാണുമ്പോൾ അതു രാവ് മറക്കും..
പുതുമഴ കാൺകെ വരൾച്ച മറക്കും...
പാൽച്ചിരി കണ്ടത് മൃതിയെ മറന്നു സുഖിച്ചേ പോകും...
പാവം മാനവ ഹൃദയം..’

മലയാളത്തിന്റെ പ്രിയ കവയിത്രി സുഗതകുമാരിയുടെ ‘പാവം മാനവ ഹൃദയം’ എന്ന കവിതയിലെ ഏതാനും വരികളാണിത്. എന്തൊക്കെ പ്രയാസങ്ങളും പ്രതിസന്ധികളും നമ്മുടെ മുന്നിൽ വന്നു പെട്ടാലും നൻമയുടെ, പ്രതീക്ഷയുടെ ഒരു വെട്ടം കാണുമ്പോൾ കെട്ടതിനെ മറന്നു നൻമയെ ആഘോഷിക്കുന്നവരാണ് നാം മനുഷ്യർ. ലഹരിയെന്ന വിപത്ത് നമ്മുടെ നാടിൻറെ സമാധാനവും സ്വൈര്യ ജീവിതത്തിനും ഭീഷണിയായി നിൽക്കുന്നുണ്ടെങ്കിലും ആൾക്കൂട്ട കൊലപാതകങ്ങളും അപരമത വിദ്വേഷവും ഇല്ലാതെ ജാതി മത ചിന്തകൾക്കതീതമായി പരസ്പര സ്നേഹത്തിലും സൌഹാർദത്തിലും ഒരൊറ്റ സമൂഹമായി നിൽക്കുന്ന നമ്മുടെ കൊച്ചു കേരളം വർത്തമാന ഇന്ത്യയിലെ തുറുങ്ക് വട്ടമാണെന്നുള്ളത് നമുക്ക് അഭിമാനിക്കാവുന്നതാണ്.

2020 ഡിസംബർ മാസം അധികാരമേറ്റെടുത്ത ഈ ഭരണസമിതിയുടെ അഞ്ചാമത്തെയും അവസാനത്തെയും ബജറ്റാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. നേരത്തെ അവതരിപ്പിച്ച ബജറ്റുകളിൽ നിന്നും വ്യത്യസ്തമാണ് ഇപ്പോഴത്തെ പൊതു സാഹചര്യം. മൂന്നാമതും അധികാരത്തിൽ എത്തിയ മോദിസർക്കാർ കേരളത്തോട് കാണിക്കുന്ന സാമ്പത്തിക അവഗണന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും നേരിട്ട് ബാധിച്ച് തുടങ്ങിയിരിക്കുന്നു. ആയതിനാൽ എല്ലാ നിയന്ത്രണങ്ങളെയും അതിജീവിച്ച് സ്വയം പര്യാപ്തമാവുന്ന ഗ്രാമ റിപ്പബ്ലിക്കുകൾ

യാഥാർത്ഥ്യമാക്കുക എന്ന രാഷ്ട്രപിതാവായ മാഹാത്മ ഗാന്ധിയുടെ സ്വപ്നം ഇന്നും സ്വപ്നമായി അവശേഷിക്കുന്നു. ഈ അവസരത്തിൽ മുൻ രാഷ്ട്രപതി ശ്രീ എ പി ജെ അബ്ദുൽ കലാമിന്റെ വാക്കുകൾ ഇവിടെ ഏറെ പ്രസക്തമാണ്.

"കാർമേഘം കാണുമ്പോൾ മറ്റ് പക്ഷികൾ കൂട്ടിൽ രക്ഷതേടുന്നു.
എന്നാൽ പരുന്ത് മേഘങ്ങൾക്ക് മുകളിലൂടെ പറക്കുന്നു."

പ്രതിബന്ധങ്ങളെ മുന്നിൽ കണ്ടു നമ്മുടെ ലക്ഷ്യങ്ങളെ നിയന്ത്രിക്കുകയല്ല മറിച്ച് അതിനെ അതിജീവിച്ച് പ്രതിബന്ധങ്ങളെ അവസരങ്ങളാക്കി മാറ്റാൻ നമുക്ക് സാധിക്കണം എന്നുള്ളതാണ്.

73,74 ഭരണഘടന ഭേദഗതിയിലൂടെയാണ് ഇന്ത്യൻ ഭരണഘടനയിൽ പഞ്ചായത്തീ രാജ് സ്ഥാപനങ്ങളെ ഉൾച്ചേർത്തിട്ടുള്ളത്. ശേഷം നിലവിൽ വന്ന കേരളപഞ്ചായത്ത് രാജ് ആക്ട് പ്രകാരം കൈമാറിയ 27 അനിവാര്യ ചുമതലകളും 14 പൊതുചുമതലകളും, 19 മേഖല ചുമതലകളും ഉൾപ്പടെ നിർവ്വഹിക്കാൻ ഗ്രാമപഞ്ചായത്ത് ബാധ്യസ്ഥമാണ്. ഇതിനു പുറമെ കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകൾ വഴിയും മറ്റ് നിയമങ്ങൾ വഴിയും ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുന്ന ചുമതലകളും നിർവ്വഹിക്കേണ്ടതുണ്ട്. ഇത്തരം വ്യത്യസ്തങ്ങളായ ചുമതലകൾ ഒരേ സമയം നിർവ്വഹിക്കുന്നതിന് സർക്കാർ അനുവദിക്കുന്ന ഫണ്ടുകളും ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കുന്ന തനത് വരുമാനങ്ങളും മാത്രമാണ് ആശ്രയം. വർധിച്ച് വരുന്ന ഉത്തരവാദിത്തങ്ങൾക്ക് ആനുപാതികമായി തനത് വരുമാനങ്ങളിൽ വർദ്ധനവ് വരുത്തേണ്ടത് അത്യാവശ്യമാണ്.

2025-26 വർഷത്തെ കരട് ബജറ്റ് അവതരിപ്പിക്കുന്ന വേളയിൽ ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്തുവാനും സാമൂഹ്യനീതിയിലധിഷ്ഠിതമായ സുസ്ഥിരവും ആധുനികവുമായ നവകേരളം സൃഷ്ടിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടിൽ ഊന്നുനിന്നു കൊണ്ടാണ് നമ്മുടെ ഗ്രാമപഞ്ചയത്തും വികസനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ കടുത്ത സാമ്പത്തിക അവഗണനകൾക്കിടയിലും സംസ്ഥാന ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതവും പൊതു ആവശ്യ ഫണ്ടും ഉയർത്തുകയാണ് ചെയ്തിട്ടുള്ളത് എന്ന കാര്യം ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതാണ്. അത് പോലെത്തന്നെ കഴിഞ്ഞ ബജറ്റിൽ വർധിപ്പിച്ച കെട്ടിടനിർമ്മാണ പെർമിറ്റ് ഫീ പൊതുജനങ്ങളുടെ താത്പര്യാർത്ഥം കുറവ്

ചെയ്തിട്ടുള്ളത് ഇവിടെ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും രണ്ട് കയ്യും നീട്ടി സ്വീകരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ കുതിച്ചുചാട്ടം സൃഷ്ടിക്കാനുതകുന്ന ഈ വർദ്ധനവ് സാധാരണക്കാർക്ക് താങ്ങാവുന്നതല്ല എന്ന കാഴ്ചപ്പാടിൽ ഒഴിവാക്കി എന്നുള്ളത് സാധാരണക്കാരോട് സർക്കാരിനുള്ള പ്രതിബദ്ധതയെയാണ് സൂചിപ്പിക്കുന്നത്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുന്നതാണ് കുടിവെള്ളം, വൈദ്യുതി, പാർപ്പിടം, മാലിന്യ നിർമ്മാർജ്ജനം എന്നിവ. ഈ അനിവാര്യതയെ ഉൾച്ചേർത്ത് കൊണ്ടാണ് ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നത്. ഗ്രാമീണ ജനതയുടെ ക്ഷേമവും വികസനവും മുൻനിർത്തി കൊണ്ടുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് മുന്നോട്ട് വെക്കുന്നത്. കൂടാതെ ഗ്രാമീണ റോഡുകൾ, ജലസ്രോതസ്സുകൾ, ജലാശയങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും നവീകരണത്തിനും ഗ്രാമപഞ്ചായത്ത് പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്. അതോടൊപ്പം സ്ത്രീപക്ഷ, ശിശു, വയോജന, ഭിന്നശേഷി സൌഹൃദങ്ങളിലധിഷ്ഠിതമാണ് നമ്മുടെ പദ്ധതികൾ.

ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ മുഴുവൻ വീടുകളിലേക്കും കുടിവെള്ളമെത്തിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വരൾച്ചയെ ശാശ്വതമായി അതിജീവിക്കുന്നതിന് കിണർ റീചാർജിംഗ് പ്രോത്സാഹിപ്പിക്കുവാൻ പദ്ധതികൾ തയ്യാറാക്കുന്നതാണ്. നിശ്ചിത വാർഡുകളെ തിരഞ്ഞെടുത്ത് വാർഡിലെ മുഴുവൻ കിണറുകളും റീചാർജിംഗ് നടത്തി ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനു മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ തയ്യാറാക്കുന്നതാണ്. സ്ട്രീറ്റ് മെയിൻ ഇല്ലാത്ത ഭാഗങ്ങളിൽ ആയത് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ സ്ട്രീറ്റ് മെയിൻ ഇല്ലാത്ത ഭാഗങ്ങളിൽ സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനും ഈ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

സ്ത്രീ സൌഹൃദ ഗ്രാമം എന്ന കാഴ്ചപ്പാടിൽ ഊന്നി ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ഉന്നതി എന്ന പേരിൽ സ്ത്രീ പദവി പഠനം തയ്യാറാക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയെന്നോണം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി ജന്റർ റിസോഴ്സ് സെന്റർ ജാഗ്രത സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭാഗമായി കൌമാര കുട്ടികൾക്ക് മെൻസ്ട്രൽ കപ്പ് പോലുള്ള പ്രത്യേക പദ്ധതികളും തുടർപദ്ധതികളായി മുന്നോട്ട്

കൊണ്ട് പോകുന്നു. കുടുംബശ്രീ CDS മുൻ കയ്യിൽ സ്വയം തൊഴിൽ സംരംഭങ്ങൾ 2024–25 വർഷത്തിൽ ആരംഭിച്ചത് അടുത്ത സാമ്പത്തിക വർഷത്തിൽ വിപുലപ്പെടുത്തുന്നതിനു നടപടികൾ ആരംഭിക്കും.

സ്വയം തൊഴിൽ സംരംഭങ്ങളും, വ്യവസായ സംരംഭങ്ങളും ആരംഭിക്കുന്നതിനു ആവശ്യമായ സഹായ സഹകരണങ്ങൾ നൽകി സംരംഭക സൌഹൃദ ഗ്രാമപഞ്ചായത്തായി മാറാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ 100 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ വ്യവസായ വകുപ്പിന്റെ സഹായത്തോട് കൂടി സംരംഭക സഭകളും വിവിധ പ്രോത്സാഹനങ്ങളും നടത്തി വരുന്നുണ്ട്.

കാർഷിക മേഖലക്ക് ഊന്നൽ നൽകി ഈ സാമ്പത്തികവർഷം ഏറെ പദ്ധതികളാണ് പഞ്ചായത്ത് മുന്നോട്ട് വെക്കുന്നത്. നെൽകൃഷി വികസനം, തെങ്ങ് കൃഷി വികസനം, മുളക് ഗ്രാമം, പയർകൃഷി വ്യാപനം, മഞ്ഞൾ ഗ്രാമം, ഇലവാഴ കൃഷി, കുറ്റിക്കുരുമുളക് കൃഷി, അടുക്കളത്തോട്ട വികസനം, മട്ടുപ്പാവിൽ പച്ചക്കറി കൃഷി എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്. കൂടാതെ കൃഷിക്ക് ഭീഷണിയായി നിൽക്കുന്ന ആഫ്രിക്കൻ ഒച്ച് നിയന്ത്രിക്കുന്നതിനും അതിനെ സമ്പൂർണ്ണമായി തുരത്തുന്നതിനും പ്രത്യേക പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. കാർഷിക മേഖലയിലേക്ക് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ പദ്ധതിയെക്കൂടി ഉൾപ്പെടുത്തി പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തമാവുന്നതിനു ഊന്നൽ നൽകുന്നു. ആയതിലേക്ക് പച്ചക്കറി ക്ലസ്റ്ററുകൾക്ക് പ്രാമുഖ്യം നൽകി കുടുംബശ്രീ CDS മുൻകയ്യിൽ JLG ഗ്രൂപ്പുകൾ രൂപീകരിച്ച് സബ്സിഡി ആനുകൂല്യങ്ങൾ നൽകി വരുന്നത് അടുത്ത സാമ്പത്തിക വർഷത്തിലും തുടരുന്നതാണ്. നല്ലയിനം വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ നൽകിയും കീടനിയന്ത്രണ പ്രവർത്തനങ്ങൾക്ക് കൃഷി ഓഫീസ് വഴി മാർഗ്ഗനിർദേശങ്ങൾ നൽകിയും അടുക്കളത്തോട്ടം, പച്ചകൃഷി എന്നിവ പ്രോത്സാഹിപ്പിച്ചും പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തമാവുകയാണ് നമ്മുടെ ലക്ഷ്യം .

മൃഗസംരക്ഷണ–ക്ഷീര വികസന മേഖലയിൽ തുടർ പദ്ധതികൾക്കൊപ്പം മൃഗാശുപത്രിയുടെ അടിസ്ഥാന സൌകര്യവികസനത്തിനും തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ മുട്ടയുത്പാദനത്തിൽ സ്വയം പര്യാപ്തമാവുന്നതിനു മുട്ടക്കോഴി വിതരണവും, ക്ഷീരകർഷകർക്ക് പ്രോത്സാഹനമായി ഇൻസെന്റീവ് നൽകുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. അടിസ്ഥാന സൌകര്യം

മെച്ചപ്പെടുത്തുന്നതിന് മൂന്നുപെരിയ സബ് സെൻറർ നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ SSA ക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടുണ്ട്. കൂടാതെ തുടർസാക്ഷരത പദ്ധതിയുടെ ഭാഗമായുള്ള പത്താമുദയം, പദ്ധതിക്കുള്ള വിഹിതവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാരിന്റെ ഉല്ലാസ്- ന്യൂ ഇന്ത്യ ലിറ്ററസി പരിപാടിയുടെ അടുത്ത ഘട്ടത്തിലേക്ക് പെരളശ്ശേരി ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഫണ്ടു പയോഗിച്ചും സാക്ഷരത പ്രവർത്തനങ്ങളുടെ തുടർപരിപാടികൾ ആവിഷ്കരിക്കുന്നതാണ്.സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ ഡിജിറ്റൽ സാക്ഷരതായജ്ഞത്തിൽ മികച്ച പ്രവർത്തനം നടത്തി ആദ്യ ഘട്ടത്തിൽ തന്നെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പഞ്ചായത്തായി പെരളശ്ശേരിയെ മാറ്റാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ വായനശാലകൾക്ക് നൽകി വരുന്ന വിവിധ ധനസഹായങ്ങളും പത്ര, മാസികകളും അടുത്ത സാമ്പത്തിക വർഷത്തിലും തുടരുന്നതാണ്.

ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനങ്ങളാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ PHC യെ FHC യായി ഉയർത്തുന്നതിനായി പൊതുവാച്ചേരിയിൽ ആധുനിക സൌകര്യങ്ങളോട് കൂടിയുള്ള കെട്ടിട നിർമ്മാണം ആരംഭിച്ചു. കൂടാതെ മക്രേരി, മൂന്നുപെരിയ കുടുംബക്ഷേമ കേന്ദ്രങ്ങളുടെ നിർമ്മാണം ഉടൻ തന്നെ പൂർത്തീകരിച്ച് പൂർണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതാണ്. ആരോഗ്യകേന്ദ്രങ്ങളുടെ നിലവാരവും മികച്ച സൌകര്യങ്ങളും ഏർപ്പെടുത്തുന്നതിനും ഹെൽത്ത് ഗ്രാന്റിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ PHC ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്നു വാങ്ങുന്നതിനും കേന്ദ്രങ്ങളുടെ അടിസ്ഥാന സൌകര്യവികസനത്തിനും, മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ സമഗ്ര ജീവിതശൈലി രോഗ നിയന്ത്രണ പരിപാടി, സമഗ്ര പകർച്ചവ്യാധി നിയന്ത്രണ പരിപാടി, കണ്ണൂർ ഫൈറ്റ് കാൻസർ, കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവക്കും തുക വകയിരുത്തിയിട്ടുണ്ട്.

മാലിന്യ സംസ്കരണ രംഗത്ത് അഭിമാനാർഹമായ മുന്നേറ്റം നടത്താൻ നടപ്പ സാമ്പത്തിക വർഷം നമുക്ക് സാധിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ മികച്ച പ്രവർത്തനങ്ങളിലൂടെ മാലിന്യനിർമ്മാർജ്ജനത്തിന് ഗതിവേഗം നൽകാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എല്ലാ വാർഡുകളിലും സ്ഥാപിച്ചിട്ടുള്ള മിനി എം സി എഫ് വഴി

മാലിന്യ ശേഖരണം കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ അവശേഷിക്കുന്ന ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് കൂടുതൽ മിനി എം സി എഫ് കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സർക്കാർ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് പരിപാലിച്ച് വരുന്ന എം സി എഫിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മികച്ച അഭിപ്രായമാണ് സ്റ്റേറ്റ് ഓഡിറ്റ് അധികാരികൾ നൽകിയിട്ടുള്ളത്. എം സി എഫിന്റെ അടിസ്ഥാന സൌകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനു തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യാൻ ഉപയോഗിച്ച് വരുന്ന വാഹനം കാലപ്പഴക്കത്താൽ നിരന്തരം മെയിന്റനൻസ് ചെയ്യേണ്ടതായി വരുന്നുണ്ട്. പുതിയ വാഹനം വാങ്ങുന്നതിനായി എം എൽ എ ഫണ്ട് ലഭ്യമായിട്ടില്ലെങ്കിൽ ഗ്രാമപഞ്ചായത്ത് വികസനം/നഗര സഞ്ചയ/തനത് ഫണ്ടുകൾ ഉപയോഗിച്ച് പുതിയ വാഹനം വാങ്ങുന്നതിനു നടപടികൾ സ്വീകരിക്കുന്നതാണ്. ജൈവ മാലിന്യ സംസ്കരണത്തിനു ധനകാര്യകമ്മീഷൻ/നഗരസഞ്ചയ ഫണ്ടുകൾ ഉപയോഗിച്ച് പരമാവധി വീടുകളിൽ റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന വീടുകൾക്ക് അടുത്ത സാമ്പത്തിക വർഷത്തിൽ റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത്തരത്തിൽ മുഴുവൻ വീടുകളിലും ജൈവമലിന്യ സംസ്കരണത്തിനും റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്ത് സമ്പൂർണ ജൈവമാലിന്യ മുക്ത ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതാണ്. കുട്ടികളാണ് നാളത്തെ പൌരൻമാർ എന്ന നിലയിൽ മാലിന്യ സംസ്കരണത്തിൽ കുട്ടികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനു ശുചിത്വ ഒളിമ്പ്യാഡ്, ശുചിത്വ പാർലമെന്റ് എന്നിവ നടപ്പു സാമ്പത്തികവർഷത്തിൽ നടത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വൻ വിജയമായ പ്രസ്തുത പരിപാടികൾ പുതിയ രൂപത്തിൽ അടുത്ത സാമ്പത്തികവർഷത്തിലും തുടരുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ മാലിന്യമുക്ത നവകേരളം-ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ ആദ്യത്തെ മാലിന്യമുക്ത ഗ്രാമപഞ്ചായത്തായി മാറാൻ നമുക്ക് സാധിച്ചത് മേൽ പ്രവർത്തനങ്ങളുടെയും, കൂട്ടായ നമ്മുടെ ശ്രമങ്ങളുടെയും ഫലമാണ്. ഈ നേട്ടം നിലനിർത്തുന്നതിനും ആവശ്യമായ ഇടപെടലുകൾ തുടർന്നും നടത്തുന്നതാണ്. മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നിരന്തരം ബോധവത്കരണം നടത്തിയിട്ടും ചിലയാളുകൾ ആയത് ഇപ്പോഴും നിർബാധം തുടർന്നു കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരക്കാർക്കെതിരെ ശക്തമായ നടപടികൾ

സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. പിഴ ഈടാക്കുന്നതിലും ആയത് കളക്ട് ചെയ്യുന്നതിൽ ചെറിയ ഒരു അമാന്തം നടപ്പ് സാമ്പത്തിക വർഷത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ ഇത്തരക്കാർക്ക് യാതൊരുവിധ പരിഗണനയും നൽകാതെ സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള തുക പിഴ ഈടാക്കുന്നതിനും അങ്ങനെ ലഭ്യമാകുന്ന തുക ഉപയോഗിച്ച് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും ഈ ബജറ്റ് ലക്ഷ്യമിടുന്നു.

ബാലസൌഹൃദം എന്ന ലക്ഷ്യം മുൻനിർത്തി ബാലസഭാ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്ക് കായിക പരിശീലനം, വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം എന്നിവ നടത്തുന്നതിനും ഈ ബജറ്റിൽ തുക വകയിരത്തിയിട്ടുണ്ട്. കൂടാതെ അങ്കണവാടികളുടെ അടിസ്ഥാന സൌകര്യ വികസനത്തിനും തുടർ പ്രവർത്തനങ്ങൾക്കുമായ തുക വകയിരുത്തിയിട്ടുണ്ട്. അധിക ഫണ്ട് ലഭ്യമാവുകയാണെങ്കിൽ സ്ഥല സൌകര്യങ്ങളുള്ള അംഗനവാടികളെ തിരഞ്ഞെടുത്ത് സ്മാർട്ട് അംഗനവാടികളാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

വയോജന ക്ഷേമം മുൻനിർത്തി നിരവധി പദ്ധതികൾ ഈ ബജറ്റ് മുന്നോട്ട് വെക്കുന്നുണ്ട്. വയോജന സംഗമം, വയോജന കലാമേള, സായം പ്രഭ-വയോജന കേന്ദ്രത്തിന്റ അടിസ്ഥാന സൌകര്യ വികസനം-തുടർ നടത്തിപ്പ് തുടങ്ങിയവക്ക് അടുത്ത വർഷം തുക വകയിരുത്തിയിട്ടുണ്ട്.

ഭിന്നശേഷിക്കാരുടെ ക്ഷേമം മുൻനിർത്തിയും നിരവധി പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുണ്ട്. ഭിന്നശേഷി കലാ, കായികമേള, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ എന്നിവക്കും അടുത്ത സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനു ധനസഹായം നൽകൽ, ഭവനപദ്ധതികൾ, വീട് വാസയോഗ്യമാക്കൽ, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം, മിശ്രവിഹാഹിതർക്ക് ധനസഹായ വിതരണം തുടങ്ങിയവക്കും പ്രത്യേക ഊന്നൽ നൽകി ഈ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

വനിതാക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണനയാണ് ഈ ബജറ്റ് നൽകിയിരിക്കുന്നത്. വനിതകൾക്ക് യോഗപരിശീലനം, മെൻസ്ട്രവൽ കപ്പ്

വിതരണം, വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് ഹോണറേറിയം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മുന്നിൽ കണ്ടുകൊണ്ട് തൊഴിലാളികൾക്ക് മത്സ്യബന്ധന വള്ളവും വലയും നൽകുന്നതിനും, മുറ്റത്തൊരു മീൻതോട്ടം പദ്ധതിവഴി ശുദ്ധജല മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി തയ്യാറാക്കി തുക വകയിരുത്തിയിട്ടുണ്ട്.

മികച്ച പ്രവർത്തനങ്ങളിലൂടെ നടപ്പ സാമ്പത്തികവർഷത്തിൽ അതിദരിദ്രമുക്ത ഗ്രാമപഞ്ചായത്താവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും ആ വിഭാഗത്തിലുള്ളവരുടെ ക്ഷേമത്തിനായി പദ്ധതികൾ തയ്യാറാക്കേണ്ടതുള്ളതിനാൽ അവർക്ക് മരുന്നുവാങ്ങുന്നതിനും, വിശപ്പ് രഹിത കേരളം പദ്ധതിക്കുമായി നിശ്ചിത തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

നടപ്പ് സാമ്പത്തികവർഷത്തിൽ നെറ്റ് സീറോ കാർബൺ ഗ്രാമപഞ്ചാത്തായി പെരളശ്ശേരിയെ മാറ്റുന്നതിനു തുടക്കം കുറിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലും അതിന്റെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. വ്യവസായ പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പ്ലാന്റ് വഴി വലിയൊരളവിൽ വൈദ്യുതി ബിൽ കുറക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതിന്റെ തുടർ പ്രവർത്തനങ്ങൾക്കും ഈ ബജറ്റിൽ തുക വകയിരുത്തുന്നു. കുഴിക്കിലായിയിൽ പ്രവർത്തിക്കുന്ന ഗ്യാസ് ക്രിമിറ്റോറിയം നല്ല രീതിയിലാണ് പ്രവർത്തിച്ച് വരുന്നത്. അതിന്റെ നവീകരണത്തിനു നിശ്ചിത തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പശ്ചാത്തല മേഖലക്ക് മികച്ച പരിഗണനയാണ് ഈ ബജറ്റ് നൽകിയിരിക്കുന്നത്. മികച്ച പൊതുഗതാഗതം ഉറപ്പ് വരുത്തുന്നതിനു ലഭ്യമായ എല്ലാ വിഭവങ്ങളും ഉൾപ്പെടുത്തി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും ജി.ഐ.എസ് മാപ്പിംഗ് അടുത്ത സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. ആയതിലേക്ക് നിശ്ചിത തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടൂറിസം മേഖലയിൽ മികച്ച മുന്നേറ്റമാണ് അടുത്ത സാമ്പത്തികവർഷം നാം ലക്ഷ്യമിടുന്നത്. ഹെറിറ്റേജ് ടൂറിസം പദ്ധതിയിൽ പെരളശ്ശേരി, മക്രേരി അമ്പലങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുക, എ കെ ജി മ്യൂസിയം, ചെറുമാവിലായി റിവർവ്യൂ പാർക്ക് തുടങ്ങിയവ നമുക്ക് പ്രതീക്ഷ നൽകുന്ന സംസ്ഥാനസർക്കാരിന്റെ പദ്ധതികളാണ്. ഇത് പ്രാവർത്തികമാവുന്നതിലൂടെ പ്രത്യക്ഷമായും പരോക്ഷമായും

പ്രാദേശികമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടാനും അതു വഴി പ്രാദേശിക സാമ്പത്തിക നില മെച്ചപ്പെട്ടുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

ഇന്നു സമൂഹത്തെ കാർന്നു തിന്നുന്ന വിപത്താണ ലഹരി. ലഹരി കൊണ്ടുള്ള വിപത്തുകളാണ് ദിനംപ്രതി ദൃശ്യ പത്ര മാധ്യമങ്ങൾ വഴി നാം കാണുന്നത്. ഇതിനു ശാശ്വതമായ പരിഹാരം കാണേണ്ടതുണ്ട്. നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികളെയാണ് ലഹരിമാഫിയ പ്രധാന ഇരകളാക്കുന്നത്. ഇതിനെതിരെ എക്സൈസ് വകുപ്പിൻറെ സഹകരണത്തോടെ ബഹു ജനങ്ങളെ അണിനിരത്തി ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനും വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നിനും ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നുണ്ട്. ജീവിതമാണ് ലഹരി, ലഹരിയല്ല ജീവിതം എന്ന പദ്ധതി വഴിയും പ്രവർത്തനങ്ങൾ നടത്താൻ അടുത്ത സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നുണ്ട്.

"നിങ്ങളുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതിനു നിങ്ങൾ സ്വപ്നം കാണണം."

ഇത് നമ്മുടെ മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാമിന്റെ വാക്കുകളാണ്. അതെ നമ്മൾ സ്വപ്നം കാണണം എന്നാൽ മാത്രമെ അത് സാക്ഷാത്കരിക്കുന്നതിനും നമുക്ക് സാധിക്കുകയുള്ളൂ. നമ്മുടെ സ്വപ്നങ്ങൾ ജനക്ഷേമത്തിനും വികസനത്തിനും പൊതുജന നൻമക്കും ഉതകുന്നതാകട്ടെ എന്ന് പ്രത്യാശിച്ച് കൊണ്ട് 2025-26 വർഷത്തെ വാർഷിക ബജറ്റിലെ മുൻഗണനാപട്ടിക നിങ്ങളുടെ പരിഗണനക്കായി സമർപ്പിക്കുന്നു.

സംസ്ഥാന സർക്കാർ ബജറ്റിൽ മുന്നോട്ടുവെച്ച മേഖലകളെയെല്ലാം നമ്മുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ശ്രദ്ധയൂന്നാൻ ശ്രദ്ധിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ടുകളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ടുകളും ഉൾപ്പെടേയുള്ള ഫണ്ടുകൾപ്രതീക്ഷിച്ചു കൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പരിമിതമായ വിഭവങ്ങളാണ് നമ്മുടെ മുന്നിലുള്ളതെങ്കിലും വിപുലമായ ആവശ്യകതയാണ് നമുക്കുള്ളത്. നമ്മുടെ യുവതയേയും കുഞ്ഞുങ്ങളേയും അതുവഴി സമൂഹത്തേയും ദോഷകരമായി ബാധിക്കുന്ന ലഹരി എന്ന മഹാവിപത്തിനെതിരായി പ്രതിരോധം തീർക്കാൻ നമുക്ക് ഒരുമിച്ച് പോരാടാം. അതിജീവനത്തിന്റെ പാതയിലൂടെ ഐക്യത്തിന്റേയും സാഹോദര്യത്തിന്റേയും വഴിയിലൂടെ നമുക്ക് മുന്നേറാനുള്ള ചെറു വെട്ടമായി ഈ ബജറ്റ് മാറുമെന്ന് പ്രതീക്ഷിച്ചുകൊണ്ടും ഈ ബജറ്റ് അവതരണത്തിന് സഹകരിച്ച എല്ലാവരോടും

നന്ദിയും കടപ്പാടും രേഖപ്പെടുത്തിക്കൊണ്ടും വിഖ്യാത ഇംഗ്ലീഷ് കവി റോബർട്ട് ഫ്രോസ്റ്റിൻറെ Stopping by the woods on a Snowy Evening എന്ന കവിതയിലെ ഏതാനും വരികൾ ഉദ്ധരിച്ച് കൊണ്ട് 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

" കാടുകൾ മനോഹരവും ഇരുണ്ടതും ആഴമേറിയതുമാണ്,
പക്ഷെ എനിക്ക് പാലിക്കാൻ വാഗ്ദാനങ്ങളുണ്ട്,
ഉറങ്ങുന്നതിന് മുമ്പ് കിലോ മീറ്ററുകൾ പോകണം
ഉറങ്ങുന്നതിന് മുമ്പ് കിലോ മീറ്ററുകൾ പോകണം"

**പ്രശാന്ത് വി**
**വൈസ് പ്രസിഡണ്ട് &**
**ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ**

# PERALASSERI

## BUDGET FOR YEAR 2025-26

| Particulars - ഇന വിവരം | | | Actuals for the year 2023-24 യഥാർത്ഥ കണക്ക് 2023-24 | Revised Budget for the year 2024-25 പരിഷ്കരിച്ച ബജറ്റ് 2024-25 | Budget for the year 2025-26 ബജറ്റ് 2025-26 |
|---|---|---|---|---|---|
| A | Opening balance(net) - പ്രാരംഭ ബാക്കി | WS-1 | 2,18,51,987 | 2,82,24,464 | 1,63,93,718 |
| B | a) Tax revenue - നികുതി വരുമാനം | BS-1 | 71,93,558 | 84,40,000 | 99,50,000 |
| C | b) Non tax revenue - നികുതിയിതര വരുമാനം | BS-2 | 88,48,690 | 99,67,703 | 1,04,72,896 |
| D | Total Own Fund - ആകെ തനത് ഫണ്ട് | (B+C) | 1,60,42,248 | 1,84,07,703 | 2,04,22,896 |
| E | c) General Purpose Fund - ജനറൽ പർപ്പസ് ഫണ്ട് | BS-3 | 1,33,78,500 | 2,02,42,800 | 2,03,34,000 |
| F | Total -ആകെ | (D+E) | 2,94,20,748 | 3,86,50,503 | 4,07,56,896 |
| G | d) Other Grants(Plan) - മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതി ചെലവുകൾക്ക് | BS-4 | 4,67,46,759 | 8,10,02,157 | 5,08,51,200 |
| H | e) Other Grants(Non-Plan) - മറ്റ് റവന്യൂ ഗ്രാന്റുകള് -പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 5,62,32,133 | 10,20,00,000 | 10,30,00,000 |
| I | Toal Revenue Income - ആകെ റവന്യൂ വരവുകൾ | (F+G+H) | 13,23,99,640 | 22,16,52,660 | 19,46,08,096 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | 4,77,141 | 0 | 0 |
| K | Capital Income other than loans - വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 1,37,72,778 | 3,58,39,395 | 7,13,22,050 |
| L | Total Capital Income - ആകെ മൂലധന വരവുകൾ | (J+K) | 1,42,49,919 | 3,58,39,395 | 7,13,22,050 |
| M | Total Income - ആകെ വരവുകൾ | (I+L) | 14,66,49,559 | 25,74,92,055 | 26,59,30,146 |
| N | Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും | (M+A) | 16,85,01,546 | 28,57,16,519 | 28,23,23,864 |

| Particulars - ഇന വിവരം | | | Actuals for the year 2023-24 യഥാർത്ഥ കണക്ക് 2023-24 | Revised Budget for the year 2024-25 പരിഷ്കരിച്ച ബജറ്റ് 2024-25 | Budget for the year 2025-26 ബജറ്റ് 2025-26 |
|---|---|---|---|---|---|
| O | Revenue Expenditure-Statutory functions-റവന്യൂ ചെലവുകള് -അനിവാര്യ ചുമതലകൾക്ക് | BS-8 | 1,75,69,506 | 2,21,01,000 | 2,83,07,000 |
| P | Revenue Expenditure-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | BS-9 | 5,56,04,323 | 10,01,67,966 | 11,16,84,606 |
| Q | Revenue Expenditure-Non-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | BS-10 | 5,62,32,133 | 10,20,00,000 | 10,30,00,000 |
| R | Total Revenue Expenditure - ആകെ റവന്യൂ ചെലവുകൾ | (O+P+Q) | 12,94,05,962 | 22,42,68,966 | 24,29,91,606 |
| S | Capital Expenditure -Loan repayments - മൂലധന ചെലവുകള് -വായ്പ തിരിച്ചടവ് | BS-11 | 4,77,141 | 0 | 0 |
| T | Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ | BS-12 | 1,03,93,979 | 4,50,53,835 | 3,57,96,075 |
| U | Total Capital Expenditure - ആകെ മൂലധന ചെലവുകൾ | (S+T) | 1,08,71,120 | 4,50,53,835 | 3,57,96,075 |
| V | Total Expenditure - ആകെ ചെലവുകൾ | (R+U) | 14,02,77,082 | 26,93,22,801 | 27,87,87,681 |
| W | Closing Balance - നീക്കി ബാക്കി | (N-V) | 2,82,24,464 | 1,63,93,718 | 35,36,183 |

# PERALASSERI

## BUDGET FOR YEAR 2025-26

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| WS 1 OPENING BALANCE (NET = B17+B15+B12 - B2-B4-B7-B9) | | 2,18,51,987 | 2,82,24,464 | 1,63,93,718 |
| **INCOME** | | | | |
| BS-1-REVENUE INCOME-TAXES | | | | |
| 1101001 | Property Tax-വസ്തു നികുതി | 49,74,018 | 60,00,000 | 70,00,000 |
| 1101101 | Service Tax-സേവന നികുതി | - | 1,40,000 | 2,50,000 |
| 1102001 | Profession Tax-തൊഴിൽ നികുതി | 22,19,540 | 23,00,000 | 27,00,000 |
| 110 | Total-Tax Revenue | 71,93,558 | 84,40,000 | 99,50,000 |
| BS-2--REVENUEINCOME-NON-TAX | | | | |
| 130 | Rental Income from Panchayat Properties | | | |
| 1301001 | Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 7,09,217 | 8,75,000 | 9,25,000 |
| 1303001 | Rent from Auditoriums and Halls- ആഡിറ്റോറിയം/ഹാൾ വാടക | 5,000 | 5,000 | 10,000 |
| 1308001 | Other Rents- മറ്റ് വാടകകൾ | - | 0 | 5,000 |
| 130 | Total-Rental Income from Panchayat Properties | 7,14,217 | 8,80,000 | 9,40,000 |
| 140 | Fees & User Charges | | | |
| 1401001 | Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ് | 650 | 2,000 | 3,000 |
| 1401101 | Licence Fees-ലൈസൻസ് ഫീസ് | 3,44,400 | 4,00,000 | 5,00,000 |
| 1401201 | Fee for Grant of Permit-പെർമിറ്റ് ഫീസ് | 56,88,002 | 50,00,000 | 52,00,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 1401301 | Fees for Certificate or Extract-സർട്ടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ | 22,941 | 57,000 | 65,000 |
| 1402001 | Penalties and Fines-ഫൈൻ | 1,55,119 | 6,80,000 | 10,00,000 |
| 1404001 | Miscellaneous Fees-മറ്റ് ഫീസുകൾ | 4,33,632 | 8,00,000 | 8,50,000 |
| 1405001 | User Charges Collected-യൂസർ ചാർജ് | 500 | 10,000 | 10,000 |
| 1407001 | Service/ Administrative Charges-സർവീസ്/അഡ്മിനിസ്ട്രേറ്റിവ് ചാർജുകൾ | 6,17,934 | 1,00,000 | 1,10,000 |
| 140 | Total-Fees & User Charges- | 72,63,178 | 70,49,000 | 77,38,000 |
| 150 | Sale & Hire Charges | | | |
| 1501001 | Sale of Products-ഉൽപ്പന്നങ്ങളുടെ വില | 21,747 | 50,000 | 55,000 |
| 1501101 | Sale of Forms-ഫാറം വില | 10,660 | 60,000 | 70,000 |
| 1501201 | Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 38,542 | 1,40,000 | 1,60,000 |
| 150 | Total-Sale & Hire Charges | 70,949 | 2,50,000 | 2,85,000 |
| 151 | Receipts from Transferred Institutions | | | |
| 170 | Income from Investments | | | |
| 1701001 | Interest from Investments-നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 0 | 8,73,703 | 4,69,896 |
| 170 | Total-Income from Investments | 0 | 8,73,703 | 4,69,896 |
| 171 | Interest Earned | | | |
| 1711001 | Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 7,40,147 | 9,00,000 | 10,00,000 |
| 171 | Total-Interest Earned | 7,40,147 | 9,00,000 | 10,00,000 |
| 180 | Other Income | | | |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 1801001 | Deposits Forfeited-നിക്ഷേപങ്ങൾ കണ്ടുകെട്ടിയത് | 58,765 | 0 | 10,000 |
| 1801101 | Lapsed Deposits-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ | 0 | 0 | 10,000 |
| 1808001 | Miscellaneous Income | 1,434 | 15,000 | 20,000 |
| 180 | Total-Other Income | 60,199 | 15,000 | 40,000 |
| | Total-Non tax revenue | 88,48,690 | 99,67,703 | 1,04,72,896 |
| BS-3-GENERALPURPOSEFUND | | | | |
| 1601005 | General purpose fund-ജനറൽ പർപ്പസ് ഫണ്ട് | 1,33,78,500 | 2,02,42,800 | 2,03,34,000 |
| | Total-General purpose fund | 1,33,78,500 | 2,02,42,800 | 2,03,34,000 |
| BS-4-REVENUEINCOMEPLANGRANTS | | | | |
| 3111001 | Special Funds-പ്രത്യേക ഫണ്ട് | | 0 | 1,00,000 |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 2,53,15,484 | 4,02,74,623 | 1,92,56,000 |
| 3202001 | Development Fund - വികസന ഫണ്ട് | 1,57,95,090 | 2,68,35,582 | 3,14,95,200 |
| 320 | Total Revenue income Plan Grants | 4,67,46,759 | 8,10,02,157 | 5,08,51,200 |
| BS-5-REVENUEINCOME-NONPLANGRANTS | | | | |
| 160 | Revenue Grants, Funds, Contributions & Compensations | | | |
| 1601003 | State Sponsored Schemes (not included under Decentralised Plan Programme)സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ | 5,62,32,133 | 10,20,00,000 | 10,30,00,000 |
| 160 | Total-Revenue Grants, Funds, Contributions & Compensations | 5,62,32,133 | 10,20,00,000 | 10,30,00,000 |
| BS-6-CAPITALINCOME-LOANS | | | | |
| 330 | loans | | | |
| BS-7Capitalincomeotherthanloans | | | | |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 3207003 | Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യു ചെലവുകൾക്ക്) | | 0 | 53,20,000 |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 7,22,652 | 98,04,000 |
| 3202001 | **Development Fund - വികസന ഫണ്ട്** | 1,22,99,445 | 2,80,76,336 | 5,36,88,800 |
| 3208001 | Other Grants, Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 0 | 25,09,250 |
| 320 | **Total Capital income other than loans** | 1,37,72,778 | 3,58,39,395 | 7,13,22,050 |
| | **TOTAL INCOME** | 14,66,49,559 | 25,74,92,055 | 26,59,30,146 |
| **EXPENDITURES** | | | | |
| **BS-8-RevenueExpenditure-Mandatoryfunctions** | | | | |
| 210 | **Establishment Expenses** | | | |
| 2101001 | **Salaries-ശമ്പളം** | 87,06,093 | 1,00,00,000 | 1,50,00,000 |
| 2101002 | **Wages-കൂലി** | 5,96,474 | 6,00,000 | 7,00,000 |
| 2101003 | **Bonus-ബോണസ്** | 23,053 | 25,000 | 50,000 |
| 2102001 | **Travelling Allowances-യാത്രാ ബത്ത** | 1,36,798 | 3,50,000 | 4,00,000 |
| 2102002 | **Other Benefits and Allowances-മറ്റ് ബത്തകൾ** | 4,26,130 | 5,00,000 | 5,50,000 |
| 2102003 | **Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറെ റിയം** | 18,94,200 | 20,00,000 | 25,00,000 |
| 2102004 | **Sitting Fee of Elected Representatives-ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ** | 1,99,950 | 2,20,000 | 3,00,000 |
| 2102005 | **Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത** | 15,146 | 2,00,000 | 2,50,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2103001 | Pension Contributions-പെൻഷൻ കോൺട്രിബ്യൂഷൻ | 9,81,075 | 10,00,000 | 12,00,000 |
| 2103002 | Leave Salary Contributions-അവധി ശമ്പളം | 68,184 | 3,50,000 | 5,00,000 |
| 2104001 | Other Terminal & Retirement Benefits-മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 0 | 3,50,000 | 3,00,000 |
| 210 | Total | 1,30,47,103 | 1,55,95,000 | 2,17,50,000 |
| 220 | Administrative Expenses | | | |
| 2201001 | Rent-വാടക | 6,018 | 15,000 | 20,000 |
| 2201003 | Taxes-നികുതി | 0 | 14,000 | 15,000 |
| 2201101 | Office Maintenance-ഓഫീസ് ചെലവുകൾ | 3,18,991 | 3,00,000 | 5,00,000 |
| 2201201 | Communication Expenses-വാർത്താ വിനിമയ ചെലവുകൾ | 3,75,777 | 3,00,000 | 5,00,000 |
| 2202001 | Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും | 1,38,094 | 2,50,000 | 3,00,000 |
| 2202101 | Printing & Stationery-അച്ചടിയും സ്റ്റേഷനറിയും | 2,42,992 | 2,00,000 | 3,00,000 |
| 2204001 | Insurance and Registration-ഇന്ഷുറൻസ്/രജിസ്ട്രേഷൻ | 4,319 | 20,000 | 25,000 |
| 2205101 | Legal Expenses-നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ | 25,000 | 1,00,000 | 50,000 |
| 2205201 | Professional & Other Fees-പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 58,115 | 70,000 | 1,00,000 |
| 2206001 | Advertisement & Publicity-പരസ്യവും പ്രചരണവും | 66,259 | 50,000 | 75,000 |
| 2206101 | Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ | 9,700 | 10,000 | 12,000 |
| 2207001 | Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ | 50,135 | 1,50,000 | 10,00,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2207101 | **Extra - ordinary Expenses-അസാധാരണ ചെലവുകൾ** | 0 | 20,000 | 1,00,000 |
| 2208001 | **Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ** | 3,29,601 | 14,00,000 | 1,00,000 |
| 220 | Total | 16,25,001 | 28,99,000 | 30,97,000 |
| 230 | Operations & Maintenance | | | |
| 2301001 | **Power-വൈദ്യുതി/ഊർജം** | 13,21,359 | 12,00,000 | 15,00,000 |
| 2301002 | **Diesel, Petrol, Gas & Lubricants-** ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ് | 1,20,149 | 2,00,000 | 3,00,000 |
| 2301101 | **Water Charges for Drinking Water Schemes-വാട്ടർ ചാർജ്** | 10,04,568 | 12,00,000 | 5,00,000 |
| 2303001 | **Consumption of Stores** | 1,470 | 12,000 | 15,000 |
| 2304001 | **Hire Charges-വാടക** | 24,050 | 1,00,000 | 1,00,000 |
| 2305001 | **Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ** | 22,026 | 40,000 | 1,00,000 |
| 2305004 | **Repairs & Maintenance Culverts & Bridges-സംരക്ഷണവും അറ്റകുറ്റപ്പണികളും--പാലങ്ങളും കലുങ്ക്കളും** | 0 | 10,000 | 1,00,000 |
| 2305005 | **Repairs & Maintenance - Drinking Water-സംരക്ഷണവും അറ്റകുറ്റപ്പണികളും-കുടിവെള്ള പദ്ധതികൾ** | 0 | 30,000 | 50,000 |
| 2305006 | **Repairs & Maintenance Irrigation-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജല സേചന പദ്ധതികൾ** | 1,935 | 20,000 | 50,000 |
| 2305007 | **Repairs & Maintenance - Electricityസംരക്ഷണവും അറ്റകുറ്റപ്പണികളും-വൈദ്യുതി** | 2,000 | 10,000 | 20,000 |
| 2305008 | **Repairs & Maintenance - Waste Treatment-സംരക്ഷണവും അറ്റകുറ്റപ്പണികളും-മാലിന്യ നിർമാർജന പദ്ധതികൾ** | 3,641 | 50,000 | 1,00,000 |
| 2305009 | **Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ** | 1,21,378 | 1,00,000 | 1,00,000 |
| 2305099 | **Repairs & Maintenance -Other Fixed Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ** | 2,000 | 0 | 10,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2308001 | Other Operating and maintenance expenses-മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ | 2,71,500 | 6,00,000 | 5,00,000 |
| 230 | Total | 28,96,076 | 35,72,000 | 34,45,000 |
| 240 | Interest & Finance Charges | | | |
| 2407001 | Bank Charges-ബാങ്ക് ചാർജ് നൽകൽ | 1,326 | 5,000 | 5,000 |
| 2408001 | Other Finance Expenses-ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ | 0 | 30,000 | 10,000 |
| 240 | Total | 1,326 | 35,000 | 15,000 |
| | TOTAL STATUTORY EXPENDITURE | 1,75,69,506 | 2,21,01,000 | 2,83,07,000 |
| BS-9RevenueExpenditurePlan | | | | |
| 250 | Decentralised Plan Programme - Productive Sector | | | |
| 2501001 | Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും - നെൽകൃഷി | 13,64,455 | 16,08,335 | 31,97,500 |
| 2501002 | Agriculture and Related Sectors - Other crops-കൃഷിയും അനുബന്ധ മേഖലകളും-മറ്റ് വിളകൾ | 29,450 | 0 | 2,00,000 |
| 2501009 | Agriculture and Related Sectors - Coconut-കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി | 0 | 6,93,000 | 8,00,000 |
| 2501011 | Agriculture and Related Sectors - Vegetables-കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി | 0 | 38,19,376 | 4,92,500 |
| 2501012 | Agriculture and Related Sectors - Plantain-കൃഷിയും അനുബന്ധ മേഖലകളും-വാഴ | 0 | 30,000 | 80,000 |
| 2501013 | Agriculture and Related Sectors -Tuber Crops-കൃഷിയും അനുബന്ധ മേഖലകളും-കിഴങ്ങ് വിളകൾ | 0 | 5,89,300 | 2,00,000 |
| 2501019 | Agriculture and Related Sectors -Pepper-കൃഷിയും അനുബന്ധ മേഖലകളും-കുരുമുളക് | 0 | 3,68,550 | 1,60,000 |
| 2501024 | Agriculture and Related Sectors - Integrator Crop Protection-കൃഷിയും അനുബന്ധ മേഖലകളുംസംയോജിത വിള സംരക്ഷണം | 1,98,600 | 41,210 | 51,750 |
| 2501035 | Animal Husbandry -Poultry- മൃഗ സംരക്ഷണം-മുട്ട കോഴി/താറാവ് വളർത്തൽ | 0 | 3,25,000 | 3,25,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2501039 | Animal Husbandry -Infrastructure-മൃഗസംരക്ഷണം-പശ്ചാത്തല സൌകര്യങ്ങൾ | 1,61,300 | 0 | 4,02,800 |
| 2501040 | Animal Husbandry -Disease Control-മൃഗ സംരക്ഷണം-രോഗ നിയന്ത്രണം | 1,06,000 | 38,23,000 | 3,42,000 |
| 2501041 | Animal Husbandry -Related Facility-മൃഗ സംരക്ഷണം-അനുബന്ധ സൌകര്യങ്ങൾ | 0 | 0 | 15,000 |
| 2501046 | Dairy Development -Storage and Marketing-ക്ഷീര വികസനം-സംഭരണവും വിപണനവും | 0 | 0 | 10,00,000 |
| 2501052 | Inland -Pisciculture-ഉൾനാടൻ മത്സ്യ കൃഷി | 90,500 | 0 | 2,40,000 |
| 2501062 | Fisheries Related Facilities-മത്സ്യ ബന്ധനം -അനുബന്ധ സൌകര്യങ്ങൾ | 0 | 0 | 4,00,000 |
| 250 | **Total-Decentralised Plan Programme - Productive Sector** | 49,29,665 | 1,79,45,141 | 82,51,550 |
| 251 | **Decentralised Plan Programme - Service Sector** | | | |
| 2510115 | Literacy Equivalance Examination-സാക്ഷരത -തുല്യതാ പരീക്ഷ | 0 | 0 | 2,00,000 |
| 2511006 | SSA & Other Educational Programs-സർവ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും | 3,41,850 | 0 | 2,00,000 |
| 2511008 | Youth Welfare-യുവജനക്ഷേമം | 0 | 1,50,000 | 1,50,000 |
| 2511013 | Education-Related Activities-വിദ്യാഭ്യാസ -അനുബന്ധ പ്രവർത്തനങ്ങൾ | 2,29,546 | 3,00,000 | 90,000 |
| 2512001 | PHC, CHC &Other Hospitals/Dispensaries-ഹെൽത്ത് സെന്ററുകള് /ആസ്പത്രികള് /ഡിസ്പന്സറികൾ | 11,57,466 | 2,16,000 | 5,00,000 |
| 2512003 | Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി | 0 | 12,45,399 | 3,00,000 |
| 2512005 | Hospital Waste Management-ആസ്പത്രി മാലിന്യ പരിപാലനം | 0 | 15,000 | 1,00,000 |
| 2512008 | Drinking Water-കുടിവെള്ളം | 4,86,408 | 2,48,000 | 3,77,000 |
| 2512014 | Ayurveda Dispensary-ആയുർവേദ ഡിസ്പന്സറി | 5,00,000 | 0 | 6,00,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2512018 | **Homeo Dispensary**-ഹോമിയോ ഡിസ്പന്സറി | 7,82,491 | 0 | 2,00,000 |
| 2512024 | **Epidemic Control**-പകർച്ച വ്യാധി നിയന്ത്രണം | 40,068 | 1,27,197 | 1,20,000 |
| 2512026 | **Sanitation & Waste Management - Public**-പൊതു ശുചിത്വം-മാലിന്യ പരിപാലനം | 1,84,900 | 28,00,000 | 1,00,000 |
| 2512027 | **Crematorium**- ശ്മശാനങ്ങൾ | 85,052 | 0 | 2,00,000 |
| 2513001 | **Housing**-ഭവന നിർമാണം | 96,83,692 | 1,87,57,502 | 1,00,00,000 |
| 2513005 | **Programs for the Aged**-വൃദ്ധക്ഷേമ പരിപാടികൾ | 13,029 | 4,05,981 | 16,63,000 |
| 2513006 | **Programs for Physically/ Mentally Challenged**-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 6,75,000 | 34,73,920 | 24,25,000 |
| 2513007 | **Welfare Programs for the Destitute**-അഗതി ക്ഷേമ പരിപാടികൾ | 0 | 97,125 | 50,000 |
| 2513008 | **Total Poverty Alleviation Programs**-ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 2,09,68,000 | 3,48,66,770 | 2,62,40,000 |
| 2513009 | **Women's Welfare Programs**-വനിതാ ക്ഷേമ പരിപാടി | 2,40,912 | 7,28,828 | 32,42,000 |
| 2513012 | **Other Social Security Programs**-മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ | 0 | 75,000 | 13,24,000 |
| 2514002 | **Special Child Welfare Program**-പ്രത്യേക ശിശുക്ഷേമ പരിപാടികൾ | 0 | 1,48,000 | 1,00,000 |
| 2514101 | **Anganwadi Nutrition**-അംഗൻവാടി  പോഷകാഹാര പരി പാടി | 16,88,611 | 50,11,389 | 30,00,000 |
| 2514201 | **Anganwadi Infrastructure**-അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ | 12,22,500 | 0 | 8,00,000 |
| 2516005 | **General Economic Services- Plan Formulation, Monitoring and Evaluation**-പദ്ധതി രൂപീകരണം ,മോണിറ്ററിംഗ് | 4,13,257 | 3,43,119 | 3,00,000 |
| 2516301 | **Electricity Line Extension**-വൈദ്യുത ലൈൻ നീട്ടൽ | 0 | 0 | 18,00,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2516401 | Tourism Infrastructure-ടൂറിസം പശ്ചാത്തല സൌകര്യങ്ങൾ | 0 | 50,000 | 50,000 |
| 2516501 | Local Government Service Delivery Improvement-( | 0 | 11,36,530 | 10,00,000 |
| 251 | Total-Decentralised Plan Programme - Service Sector | 4,73,99,198 | 7,93,55,497 | 5,52,21,000 |
| 252 | Decentralised Plan Programme - Infrastructure Sector | | | |
| 252 | Total | 17,84,308 | 6,24,880 | 15,00,000 |
| 253 | Projects not included in Sector Division | | | |
| 2531005 | Solid Waste Management Programs under Total Sanitation Campaign-സമ്പൂർണ ശുചിത്വ പരിപാടിയുടെ ഭാഗമായുള്ള ഖര മാലിന്യ പരിപാലന പരിപാടി | 0 | 0 | 72,821 |
| 2531006 | Asraya Projects for Rehabilitation of Destitute-ആശ്രയ പദ്ധതി | 0 | 0 | 50,000 |
| 2531011 | Contribution towards SSA - SSA പദ്ധതിക്കുള്ള വിഹിതം | 0 | 6,00,000 | 10,00,000 |
| 2531012 | Payments to IKM-ഐ.കെ.എം-നുള്ള പണം നൽകൽ | 0 | 68,327 | 99,235 |
| 253 | Total-Projects not included in Sector Division | 0 | 6,68,327 | 12,22,056 |
| 255 | Maintenance Projects | | | |
| 2551001 | Maintenance Projects - Road Assets-റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ | 0 | 0 | 4,25,49,000 |
| 2552017 | Maintenance Projects - Non Road Assets- Other Transferred Assets--റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മറ്റ് ആസ്തികൾ | 6,94,887 | 0 | 29,41,000 |
| 255 | Total | 6,94,887 | 0 | 4,54,90,000 |
| 256 | Other Revenue Grants and funds | | | |
| 260 | Grants, Contributions and Compensations from Own Fund | | | |
| BS12CAPITALEXPENDITUREOTHERTHANLOANS | | | | |
| 4102001 | Buildings | 5,76,251 | 1,20,99,027 | 13,00,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 4103001 | Roads | 72,79,569 | 2,26,37,190 | 3,31,64,775 |
| 4107001 | Waste Treatment | | 8,79,599 | 13,31,300 |
| 410 | Total | 1,03,93,979 | 4,50,53,835 | 3,57,96,075 |
| | TOTAL PLAN REVENUE EXPENDTURE | 5,56,04,323 | 10,01,67,966 | 11,16,84,606 |
| | TOTAL PLAN CAPITAL EXPENDITURE | 1,03,93,979 | 4,50,53,835 | 3,57,96,075 |
| TOTALPLANEXPENDITURE | | 6,59,98,302 | 14,52,21,801 | 14,74,80,681 |
| BS-10-RevenueExpenditure-BFUND&STATESPONSOREDSCHEMES | | | | |
| 254 | Expenditures of Transferred Institutions (not included under Decentralised Plan | | | |
| 2542001 | State Sponsored Schemes (not included under Decentralised Plan Programme)-സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ | 5,62,32,133 | 10,20,00,000 | 10,30,00,000 |
| 254 | Total-Expenditures of Transferred Institutions (not included under Decentralised | 5,62,32,133 | 10,20,00,000 | 10,30,00,000 |
| BS-11CAPITALEXPENDITURE-LOANREPAYMENTS | | | | |
| 330 | Loans | | | |
| 3305002 | loans - Loan from Financial Institutions | 4,77,141 | 0 | |
| | TOTAL EXPENDITURE | 14,02,77,082 | 26,93,22,801 | 27,87,87,681 |
| | CLOSING BALANCE | 2,82,24,464 | 1,63,93,718 | 35,36,183 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|

## BS-13- RECEIPT AND REFUND OF DEPOSIT (ഡപോസിറ്റ് വരവും,മടക്കിനല്കലും)

| DETAILED HEAD CODE | PARTICULARS(ഇനവിവരം) | Budget Estimates 2025-26 (ബജറ്റ്-2025-26) വരവ് | Budget Estimates 2025-26 (ബജറ്റ്-2025-26) മടക്കി നൽകൽ |
|---|---|---|---|
| 340 10 01 | **Earnest Money Deposit-**നിരതദ്രവ്യം | 30,000 | 30,000 |
| 340 10 02 | **Security Deposit-**സെക്യൂരിറ്റി നിക്ഷേപം | 85,000 | 85,000 |
| 340 10 03 | **Retention-**റിടെൻഷൻ | 50,000 | 50,000 |
| 340 10 99 | **Other Deposits-**മറ്റ് നിക്ഷേപങ്ങൾ | 65,000 | 65,000 |
| 340 20 01 | **Deposits-Revenue-**റവന്യു നിക്ഷേപങ്ങൾ | 0 | 0 |
| 340 30 01 | **Deposits Received From Staff-**ജീവനക്കാരിൽ നിന്നുള്ള നിക്ഷേപങ്ങൾ | 0 | 0 |
| 340 80 01 | **Deposit Received from Others-**മറ്റുള്ളവരിൽ നിന്നുള്ള നിക്ഷേപങ്ങൾ | 0 | 0 |
| 350 11 01 | **Employee Liabilities –**ജീവനക്കാർക്ക് നൽകാനുള്ള സംഖ്യ | 0 | 0 |
| 350 20 01 | **Recoveries Payable -**റിക്കവറികൾ അടവാക്കനുള്ളത് | 0 | 0 |
| 350 20 02 | **Recoveries Payable - Deductions FROM WORK BILLS-**വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികൾ അടവാക്കനുള്ളത് | 90,000 | 90,000 |
| 350 30 01 | **Government and Other Dues Payable-**സർക്കാരിലേക്ക് അടവാക്കാനുള്ള മറ്റ് കുടിശികകൾ | 0 | 0 |
| 110 | **Total ആകെ** | 3,20,000 | 3,20,000 |

# പെരളശ്ശേരി

## ജന്റെർ ബജറ്റ്

| ക്രമ നമ്പർ | പ്രോജെക്ടിന്റെ പേര് | വിഹിതം (രൂപ) | ലിംഗാടിസ്ഥാനതിലുള്ള ഗുണഭോക്താക്കൾ | | ലിംഗാടിസ്ഥാനതിലുള്ള ബജറ്റ് തുക (രൂപ) | | പ്രതീക്ഷിത പരിണിത ഫലം |
|---|---|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | |
| 1 | വനിതകൾക്ക് യോഗ പരിശീലനം | 30000 | 0 | 100 | 0 | 30,000 | സ്ത്രീകളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക |
| 2 | മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ | 5,00,000 | 0 | 200 | 0 | 5,00,000 | സ്ത്രീകളുടെ ആരോഗ്യവും ശുചിത്വവും മെച്ചപ്പെടുത്തുക |
| 3 | സ്ത്രീ സൌഹൃദം വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം | 27,40,720 | 0 | 10 | 0 | 27,40,720 | വ്യവസായം, സ്വയം തൊഴിൽ സംരംഭങ്ങള്, വിപണന പ്രോത്സാഹനം നൽകി സാമ്പത്തിക മുന്നേറ്റം സാധ്യമാക്കുക |
| 4 | സ്ത്രീ സൗഹൃദ പഞ്ചായത്ത് - കമ്മ്യൂണിറ്റി വുമൺ ഫെസിലിട്ടേറ്റർക്ക് ഹോണറേറിറിയം നൽകലും അനുബന്ധ ചിലവുകളും | 2,50,000 | 0 | ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ത്രീകളും | 0 | 2,50,000 | സ്ത്രീ ശാക്തീകരണ, സ്ത്രീ സൌഹൃദ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക |

# പെരളശ്ശേരി

## പെർഫോമെൻസ് ബജറ്റ്

| ക്രമ നമ്പർ | പ്രോജെക്ടിന്റെ പേര് | വിഹിതം (രൂപ) | | | ഫലം | പ്രതീക്ഷിത പരിണിത ഫലം |
|---|---|---|---|---|---|---|
| | | നോൺ-പ്ലാൻ ബജറ്റ് | പ്ലാൻ ബജറ്റ് | ആകെ | | |
| 1 | അടുക്കളത്തോട്ട വികസനം | 73,125 | 3,44,375 | 4,17,500 | അടുക്കള മാലിന്യങ്ങൾ ഉപയോഗിച്ച് പച്ചക്കറി | പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത |
| 2 | മുട്ടക്കോഴി വിതരണ പദ്ധതി | 25,000 | 3,00,000 | 3,25,000 | മുട്ട ഉത്പാദനം വർദ്ധിപ്പിക്കുക | മുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത |
| 3 | മത്സ്യവിൽപനക്കായി ഇരു ചക്രവാഹനവും ഐസ് ബോക്സും | 2,00,000 | 2,00,000 | 4,00,000 | മത്സ്യത്തൊഴിലാളികൾക്ക് വിപണന സൌകര്യം ലഭ്യമാക്കുക | മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുക |
| 4 | മത്സ്യബന്ധന വള്ളവും വലയും - ഉൾനാടൻ | 60,000 | 1,80,000 | 2,40,000 | ഉൾനാടൻ മത്സ്യമേഖല പ്രോത്സാഹനം | മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുക |
| 5 | ഗാർഹിക റിംഗ് കമ്പോസ്റ്റ് | 11,375 | 10,02,375 | 10,13,750 | മാലിന്യം ഉറവിടത്തിൽ നിന്നു തന്നെ സംസ്കരിക്കുക | ജൈവമാലിന്യ മുക്ത ഗ്രാമം |
| 6 | അങ്കണവാടികൾക്ക് വാട്ടർ പ്യൂരിഫയർ | 0 | 3,50,016 | 3,50,016 | അങ്കണവാടികളിലെ കുട്ടികൾക്ക് ശുദ്ധ ജലം ഉറപ്പുവരുത്തുക | അങ്കണവാടികളിൽ ശുദ്ധജലം ഉറപ്പ് വരുത്തുന്നതിലൂടെ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുക |
| 7 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെൻറീവ് | 6,00,000 | 4,00,000 | 10,00,000 | കർഷകരുടെ ജോലിക്ക് ആനുപാതികമായുള്ള പ്രതിഫലം ലഭ്യമാക്കുക | ക്ഷീര കർഷകർക്ക് അർഹമായ വേതനം ഉറപ്പ് വരുത്തി ജീവിത നിലവാരം ഉറപ്പ് വരുത്തുക |
| 8 | പൊതുസ്ഥലങ്ങളിൽ ബിന്നുകൾ സ്ഥാപിക്കൽ | 0 | 50,000 | 50,000 | മാലിന്യം പൊതു സ്ഥലത്ത് തള്ളുന്നതിനെതിരെയുള്ള പ്രചാരണം | മാലിന്യ മുക്ത ഗ്രാമം |

| ക്രമ നമ്പർ | പ്രോജെക്ടിന്റെ പേര് | വിഹിതം (രൂപ) | | | ഫലം | പ്രതീക്ഷിത പരിണിത ഫലം |
|---|---|---|---|---|---|---|
| | | നോണ്‍-പ്ലാൻ ബജറ്റ് | പ്ലാൻ ബജറ്റ് | ആകെ | | |
| 9 | സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ | 0 | 1,80,000 | 1,80,000 | തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുക | തെരുവ് വിളക്കുകൾ സ്ഥാപിക്കുക |
| 10 | കുട്ടികൾക്ക് പാർക്ക് നിർമ്മാണം | 0 | 2,00,000 | 2,00,000 | കുട്ടികൾക്ക് ഒഴിവ് സമയങ്ങൾ ഉപയോഗിക്കുന്നതിനും സ്ഥല ലഭ്യത ഉറപ്പ് വരുത്തുക | കുട്ടികൾക്ക് ശാരീരിക മാനസിക ഉല്ലാസം |